**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4657 28/06/2013-ൽ മറുപടിയ്ക്ക്

## നാളികേര കൃഷി ലാഭകരമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. വി. വിജയദാസ്<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ചെറുകിട കർഷകരുടെ ജീവനോപാധിയായിരുന്ന നാളികേര കൃഷിയുടെ ഭൂവിസ്തൃതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) കൃഷി വകുപ്പ് നാളികേര കൃഷിക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ നാളികേര കൃഷിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കനുസരിച്ച് തെങ്ങുകൃഷി 2010-11 ൽ 770473 ഹെക്ടർ ഉണ്ടായിരുന്നത് 2011-12 ൽ 820867 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് ഇത്തരത്തിൽ ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നതെന്ന് അറിയിക്കാമോ ; | ബി) കൃഷി വകുപ്പ് ഇതു സംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നാളികേര കൃഷിയുടെ ഭൂവിസ്തൃതിയെ സംബന്ധിച്ച് അതാത് വർഷത്തെ സ്ഥിതി വിവര കണക്ക് പ്രസിദ്ധീകരിക്കാറുണ്ട്. നാളികേര കൃഷി ഭൂവിസ്തൃതി കൂടി വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. |
| സി) നാളികേരകൃഷി ലാഭകരമാക്കാൻ തദ്ദേശീയമായ ഭക്ഷ്യഎണ്ണ ഉല്പാദനത്തിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെളിച്ചെണ്ണ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) കൃഷി ഭവൻ തലത്തിൽ കേര ഫെഡ് സംഭരിക്കുന്ന പച്ചതേങ്ങ കൊപ്രയാക്കുകയും ഇതിൽ നിന്നും വെളിച്ചെണ്ണയുണ്ടാക്കി കേര എന്ന പേരിൽ വിപണിയിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ